**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1866** **29-09-2025 - ൽ മറുപടിയ്ക്ക്**

**ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയിലെ അപാകതകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. സി. ആർ. മഹേഷ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയുടെ നടത്തിപ്പിലും ഫീസ് പിരിവിലുമടക്കം ക്രമക്കേട് ഉണ്ടെന്നുള്ള ഓഡിറ്റ് റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് പുറപ്പെടുവിച്ച ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയുടെ 2023-24 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഫീസ് പിരിവിൽ അവ്യക്തത ഉണ്ട് എന്ന പരാമർശം ഉൾപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത സർവകലാശാലയിലെ നിയമനവുമായി ബന്ധപ്പെട്ട് വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതു മുതൽ ടെസ്റ്റും ഇന്റർവ്യൂവും നടത്തി ഫലപ്രഖ്യാപനം നടത്തുന്നതിലും നിയമന നടപടികളിലും സുതാര്യതയില്ലെന്ന് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ബി) | കൃത്യസമയത്ത് വിജ്ഞാപനം പുറപ്പെടുവിക്കുകയും സുതാര്യമായ രീതിയിൽ നിയമന നടപടികൾ നടത്തുകയും ചെയ്യേണ്ടത് അനിവാര്യമാണെന്നും സർവകലാശാലയുടെ 2023-24 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുണ്ട്.<br><br>09/09/2025-ൽ പുറപ്പെടുവിച്ച റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയ അപാകങ്ങൾ പരിഹരിച്ച് ആയത് സംബന്ധിച്ച മറുപടി, റിപ്പോർട്ട് കൈപ്പറ്റി രണ്ടുമാസത്തിനകം ലഭ്യമാക്കാൻ സംസ്ഥാന ഓഡിറ്റ് വകുപ്പ് സർവകലാശാലയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ